# ട്രാവൻകൂർ ഫൗണ്ടേഷൻ റിട്ടയർമെന്റ് കാലം ആനന്ദകരമാക്കാം

**അറുപത് കഴിഞ്ഞ ആർക്കും അന്തസോടെയും സന്തോഷത്തോടെയും സ്വന്തം വീട്ടിലെന്ന പോലെ ജീവിക്കാൻ ഒരിടം**

ജീവിതത്തിന്റെ സെക്കന്റ് ഇന്നിങ്സ് ആസ്വാദ്യകരമാക്കാൻ ആധുനിക ജീവിത സാഹചര്യങ്ങൾ ഒരുക്കി ട്രാവൻകൂർ ഫൗണ്ടേഷൻ. കേരളത്തിലെ മാറുന്ന സാമൂഹിക പശ്ചാത്തലത്തിൽ, പ്രായമായവരുടെ പരിചരണം വെല്ലുവിളിയാകുന്ന കാലത്താണ് 'അസിസ്റ്റഡ് ലിവിങ്' എന്ന ആശയവുമായി ട്രാവൻകൂർ ഫൗണ്ടേഷൻ രംഗത്തെത്തുന്നത്. ഇവിടെയുള്ള അസിസ്റ്റഡ് ലിവിങ് സെന്ററുകൾ ഒരു വൃദ്ധസദനമല്ല, മറിച്ച് 60 വയസ് കഴിഞ്ഞ ഏതൊരു വ്യക്തിക്കും തന്റെ റിട്ടയർമെന്റ് ജീവിതം അന്തസോടെയും സന്തോഷത്തോടെയും സ്വന്തം വീട്ടിലെന്ന പോലെ ജീവിക്കാൻ സാധിക്കുന്ന ഇടമാണ്.

വ്യത്യസ്ത മേഖലകളിൽ പ്രവീണ്യമുള്ള അഞ്ചുപേർ അടങ്ങിയ ട്രസ്റ്റാണ് 2009ൽ കോട്ടയം ജില്ലയിലെ കറുകച്ചാലിൽ രണ്ടര ഏക്കർ സ്ഥലത്ത് 67 മുറികളുമായി ട്രാവൻകൂർ ഫൗണ്ടേഷന്റെ മിഷൻ വാലി പദ്ധതിക്ക് തുടക്കം കുറിച്ചത്. കോവിഡിന് ശേഷം കൂടുതൽ ആവശ്യക്കാർ സമീപിച്ചതോടെ 2022ൽ കോലഞ്ചേരിയിൽ റാഹേൽ ഹോംസും തൊട്ടടുത്ത വർഷം തന്നെ എറണാകുളം നോർത്തിൽ പ്രസിഡൻസി ഹോംസും അത്യാധുനിക സൗകര്യങ്ങളോടെ തുടങ്ങി. വളർച്ചയുടെ അടുത്ത ഘട്ടമെന്ന നിലയിൽ മോനിപ്പള്ളിയിലെ നാലര ഏക്കറിൽ ഒരുങ്ങുന്ന ഗ്രാമിക, പത്തനംതിട്ടയിലെ വിഷൻ വാലി എന്നീ പ്രോജക്റ്റുകൾ കൂടി യാഥാർത്ഥ്യമാകുന്നതോടെ കൂടുതൽ പേർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള അസിസ്റ്റഡ് ലിവിങ് സേവനം ലഭ്യമാകുമെന്ന് മാനേജിങ് ട്രസ്റ്റി ജിജി ഫിലിപ്പ് പറഞ്ഞു.

## സുതാര്യമായ ബിസിനസ് മോഡൽ

അസിസ്റ്റഡ് ലിവിങ് രംഗത്തെ ഉയർന്ന ബഹുമതിയായ കേന്ദ്ര സർക്കാറിന്റെ പ്ലാറ്റിനം അക്രഡിറ്റേഷൻ ഫോർ സീനിയർ ലിവിങ് 2022ൽ സ്ഥാപനം നേടിയിട്ടുണ്ട്. ഫൗണ്ടേഷൻ സ്ഥലം വാങ്ങി പണിയുന്ന കെട്ടിടങ്ങളിലാണ് പ്രായമായവർക്ക് താമസം, വ്യായാമം, വൈദ്യസഹായം, പരിചരണം തുടങ്ങിയവ ഒരുക്കിയിരിക്കുന്നത്. ലീസ് മോഡൽ



ഡോ. രേണു ഏബ്രഹാം വർഗീസ്



ജിജി ഫിലിപ്പ്

സംവിധാനമാണ് മറ്റ് അസിസ്റ്റഡ് ലിവിങ് സെന്ററുകളിൽ നിന്ന് ട്രാവൻകൂർ ഫൗണ്ടേഷനെ വേറിട്ടുനിർത്തുന്നത്. നിശ്ചിത തുക ഡെപ്പോസിറ്റായി അടച്ച ശേഷമാണ് അഡ്മിഷൻ ലഭിക്കുകയെങ്കിലും വ്യക്തി തിരികെ പോകുമ്പോഴോ, മരണപ്പെട്ടതിന് ശേഷമോ 100 ശതമാനം തുകയും നോമിനിക്കോ അതേ വ്യക്തിക്കോ (ആറ് മാസത്തിനുള്ളിൽ) നൽകും. താമസത്തിന് മാസ വ്യവസ്ഥയിൽ ഒരു തുക ഓരോ വ്യക്തിയിൽ നിന്നും ഈടാക്കിയാണ് അവരുടെ കാര്യങ്ങൾ നോക്കുന്നത്.

2019ൽ തുടക്കം കുറിച്ച ട്രാവൻകൂർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് സെന്റർ ഓൺ ഏജിങ്, ജറന്റോളജി വിദ്യാഭ്യാസവും ഈ മേഖലയിലെ ഗവേഷണവും ലക്ഷ്യംവെച്ച് ആരംഭിച്ച കേരളത്തിലെ ആദ്യ സ്ഥാപനമാണ്.

## വിദഗ്ധ പരിചരണം

അമേരിക്കൻ സർക്കാരിന്റെ ഫുൾ ബ്രൈറ്റ് സ്കോളർഷിപ്പോടെ ഈ രംഗത്ത് പ്രായോഗിക ജ്ഞാനം നേടിയ ജറന്റോളജി സ്പെഷ്യലിസ്റ്റായ ചെയർപേഴ്സൺ ഡോ. രേണു ഏബ്രഹാം വർഗീസിന്റെ നേരിട്ടുള്ള മേൽനോട്ടവും സ്ഥാപനത്തിനുണ്ട്. ഒരാൾക്ക് രണ്ട് സ്റ്റാഫ് എന്ന അനുപാതത്തിലാണ് ഇവിടെ ജീവനക്കാരെ വിന്യസിക്കുന്നത്. ക്വാളിഫൈഡ് നഴ്സുമാർ, ഡോക്ടർമാരുടെ പ്രതിവാര സന്ദർശനം, ആംബുലൻസ്- വാഹന സൗകര്യവും ഇവിടെ ലഭ്യമാക്കുന്നു. 14 ഡിപ്പാർട്ട്മെന്റുകളിലായി പരിശീലനം നേടിയ 243 ജീവനക്കാരാണ് സ്ഥാപനത്തിന്റെ മുതൽക്കൂട്ട്.

മികച്ച സേവനത്തിന് വിവിധ പുരസ്കാരങ്ങളും സ്ഥാപനത്തെ തേടിയെത്തിയിട്ടുണ്ട്. ■